# ടീച്ചേഴ്സ് ക്ലബ്ബ് - മിഷൻ 2020

# എൽ.എസ്.എസ്.പരിശീലനം 2019-20

## നമ്മുടെ രാഷ്ട്രപതിമാർ

**ഡോ. രാജേന്ദ്രപ്രസാദ്**

-> സ്വതന്ത്ര ഇന്ത്യയുടെ ഒന്നാമത്തെ രാഷ്ട്രപതി

-> 1950 മുതൽ 1962 വരെ തുടർച്ചയായി 12 വർഷം രാഷ്ട്രപതി സ്ഥാനം വഹിച്ചു.

-> രണ്ടുതവണ രാഷ്ട്രപതിയായ ഒരേയൊരു വ്യക്തി

-> ജന്മസ്ഥലം - ബീഹാർ

**ഡോ. സർവ്വേപ്പള്ളി രാധാകൃഷ്ണൻ**

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ഉപരാഷ്ട്രപതി. രണ്ടുതവണ ഉപരാഷ്ട്രപതിയായ ആദ്യ വ്യക്തി. ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്രപതി. ഇദ്ദേഹത്തിന്റെ ജന്മദിനമായ സെപ്റ്റംബർ അഞ്ച് ദേശീയ അധ്യാപകദിനം. തമിഴ്നാട് ജൻമസ്ഥലം.

**ഡോ. സക്കീർ ഹുസൈൻ**

ഭാരതത്തിന്റെ മൂന്നാമത്തെ രാഷ്ട്രപതി. അധികാരത്തിലിരിക്കെ അന്തരിച്ച ആദ്യ ഇന്ത്യൻ പ്രസിഡന്റ്. ഏറ്റവം കുറച്ചുകാലം പ്രസിഡന്റായിരുന്ന വ്യക്തി. ജന്മസ്ഥലം ഹൈദരാബാദ്

**വി.വി. ഗിരി**

നാലാമത്തെ രാഷ്ട്രപതി. ആക്ടിംങ് പ്രസിഡന്റായ ശേഷം പ്രസിഡന്റായ ഒരേയൊരു വ്യക്തി. കേരളത്തിന്റെ ഗവർണറായ ശേഷം രാഷ്ട്രപതിയായ വ്യക്തി. ഒഡിഷയാണ് ജന്മസ്ഥലം.

**ഫക്രുദിൻ അലി അഹമ്മദ്**

ഇന്ത്യയുടെ അഞ്ചാമത്തെ രാഷ്ട്രപതി. പ്രസിഡന്റ് പദവിയിലിരിക്കെ അന്തരിച്ചു. അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച രാഷ്ട്രപതി. ഡൽഹിയാണ് ജന്മസ്ഥലം.

**നീലം സഞ്ജീവ റെഡ്ഡി**

ഇന്ത്യയുടെ ആറാമത്തെ പ്രസിഡന്റ്. ഏറ്റവും പ്രായം കുറഞ്ഞ പ്രസിഡന്റ്. ജന്മസ്ഥലം ആന്ധ്രാപ്രദേശ്.

**ഗ്യാനി സെയിൽസിങ്**

ഇന്ത്യയുടെ ഏഴാമത്തെ രാഷ്ട്രപതി. രാഷ്ട്രപതി സ്ഥാനത്തേക്ക് എത്തിയ ഏക സിക്കുകാരൻ. ജൻമസ്ഥലം പഞ്ചാബ്.

**ആർ. വെങ്കട്ടരാമൻ**

ഇന്ത്യയുടെ എട്ടാമത്തെ പ്രസിഡന്റ്. ജന്മസ്ഥലം തമിഴ്നാട്.

**ഡോ. ശങ്കർ ദയാൽ ശർമ്മ**

ഒൻപതാമത്തെ രാഷ്ട്രപതി. ജന്മസ്ഥലം മധ്യപ്രദേശ്.



www.shenischool.in

visit www.shenischool.in

**കെ.ആർ. നാരായണൻ**

പത്താമത്തെ രാഷ്ട്രപതി. ഇന്ത്യയുടെ പ്രഥമ പൗരനായ ആദ്യ മലയാളി. മലയാളിയായ ആദ്യ ഉപരാഷ്ട്രപതിയും ഇദ്ദേഹമാണ്. പൊതുതിരഞ്ഞെടുപ്പിൽ വോട്ടു ചെയ്ത ആദ്യത്തെ രാഷ്ട്രപതി. കോട്ടയം ജില്ലയിലെ ഉഴവൂരാണ് ജന്മസ്ഥലം.

**ഡോ.എ.പി.ജെ. അബ്ദുൾകലാം**

ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതി. ജനങ്ങളുടെ പ്രസിഡന്റ് എന്ന് വിശേഷിപ്പിക്കപ്പെട്ടു. രാഷ്ട്രപതിയാകുന്ന ആദ്യ ശാസ്ത്രജ്ഞൻ. തമിഴ്നാട് ജന്മസ്ഥലം.

**പ്രതിഭദേവി സിങ് പാട്ടീൽ**

ഇന്ത്യയുടെ പന്ത്രണ്ടാമത് രാഷ്ട്രപതി. രാഷ്ട്രപതി സ്ഥാനത്തെത്തിയ ഏക വനിത. ജന്മസ്ഥലം മഹാരാഷ്ട്ര.

**പ്രണബ് മുഖർജി**

ഇന്ത്യയുടെ പതിമൂന്നാമത്തെ രാഷ്ട്രപതി. ദീർഘകാലം കേന്ദ്രമന്ത്രിസഭയിൽ ഉണ്ടായ വ്യക്തി. പ്രതിരോധം, വ്യവസായം, വിദേശകാര്യം, ധനകാര്യം എന്നീ നാല് പ്രധാനപ്പെട്ട വകുപ്പുകൾ കൈകാര്യം ചെയ്ത കേന്ദ്ര മന്ത്രിയും പ്രണബ് മുഖർജിയാണ്. ജന്മസ്ഥലം പശ്ചിമ ബംഗാൾ.

**റാംനാഥ് കോവിന്ദ്**

ഇന്ത്യയുടെ രാഷ്ട്രപതി സ്ഥാനത്തെത്തുന്ന 14-ാമത്തെ വ്യക്തിയും 15-ാംമത് രാഷ്ട്രപതിയുമാണ് റാംനാഥ് കോവിന്ദ്. കെ.ആർ. നാരായണന് ശേഷം ദലിത് വിഭാഗത്തിൽ നിന്നും രാജ്യത്തെ അത്യുന്നത പദവിയിലെത്തുന്ന വ്യക്തി. ജന്മസ്ഥലം ഉത്തർപ്രദേശ്.

**രാഷ്ട്രപതിയുടെ അധികാരങ്ങൾ**

-> രാജ്യത്തെ പ്രഥമ പൗരൻ

-> കേന്ദ്രഭരണകൂടത്തിന്റെ അധികാരം

-> പ്രധാനമന്ത്രിയെ നിയമിക്കുന്നത് രാഷ്ട്രപതി

-> സുപ്രീം കോടതി ജഡ്ജി, ഹൈക്കോടതി ജഡ്ജി, മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ, സംസ്ഥാന ഗവർണർമാർ തുടങ്ങിയ പ്രമുഖരെ നിയമിക്കുന്നത് രാഷ്ട്രപതി.

-> പാർലമെന്റ് പാസ്സാക്കുന്ന ഒരു നിയമവും രാഷ്ട്രപതിയുടെ അംഗീകാരമില്ലാതെ നിയമമാവില്ല.

-> രാജ്യസഭയിലേക്ക് വിവിധ മേഖലകളിൽ കഴിവു തെളിയിച്ച 12 പേരെ നാമനിർദ്ദേശം ചെയ്യാം. കൂടാതെ രണ്ട് ആംഗ്ലോ ഇന്ത്യൻ വംശജരെ ലോക്സഭയിലേക്ക് നാമനിർദ്ദേശം ചെയ്യാനും അധികാരമുണ്ട്.

-> രാജ്യത്തിന്റെ സർവ്വസൈന്യാധിപൻ

-> രാജ്യം പ്രതിസന്ധി നേരിടുന്ന സമയങ്ങളിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാനുള്ള അധികാരം.

-> സംസ്ഥാനങ്ങളിൽ രാഷ്ട്രപതി ഭരണം നടത്താൻ അധികാരം.

-> കോടതി ശിക്ഷ വിധിച്ചവർക്ക് മാപ്പ് കൊടുക്കാനുള്ള അധികാരം.



visit www.shenischool.in

## നമ്മുടെ ഭരണഘടന

* 1945-ൽ ബ്രിട്ടനിൽ അധികാരമേറ്റ ലേബർ പാർട്ടി ഇന്ത്യക്ക് രാഷ്ട്രീയാധികാരം കൈമാറാൻ തീരുമാനിച്ചു.

* സ്വാതന്ത്ര്യം ലഭിച്ചാൽ ഇന്ത്യക്ക് ഭരണഘടന വേണമെന്ന് ബ്രിട്ടീഷ് ഭരണതന്ത്രജ്ഞർക്കും നേതാക്കൾക്കും അറിയാമായിരുന്നു.

-> ഭരണഘടന തയ്യാറാക്കുന്നതിന് ബ്രിട്ടീഷ് ഭരണകാലത്തുതന്നെ കോൺസ്റ്റിറ്റുവെന്റ് അസംബ്ലി രൂപീകരിച്ചു.

-> 1946 ജൂലൈയിൽ  തിരഞ്ഞെടുപ്പ് നടന്നു.

-> നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ, രാജേന്ദ്രപ്രസാദ്, എന്നിവരും കോൺസ്റ്റിറ്റുവന്റ് അസംബ്ലി യിലേക്ക് തിരഞ്ഞെടുത്തു.

-> ഡോ. രാജേന്ദ്രപ്രസാദ് അധ്യക്ഷൻ

-> കോൺസ്റ്റിറ്റുവന്റ് അസംബ്ലിയുടെ പ്രത്യേക സമ്മേളനം 1947 ആഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രി യിൽ ചേർന്നു. ഈ സമ്മേളനത്തിൽ വച്ചാണ് ഇന്ത്യയുടെ അധികാര കൈമാറ്റം നടന്നത്.

-> മൗണ്ട് ബാറ്റൺ ഇന്ത്യയുടെ ആദ്യ ഗവർണ്ണർ ജനറലായി.

-> ഇതേ സമ്മേളനം നെഹ്റുവിനെ ഇന്ത്യയുടെ പ്രധാനമന്ത്രിയായി തിരഞ്ഞെടുത്തു.

-> 1947 ആഗസ്റ്റ് 29-ന് കോൺസ്റ്റിറ്റുവന്റ് അസംബ്ലി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റിക്ക് രൂപം നൽകി. അധ്യക്ഷൻ ഡോ. ബി.ആർ. അംബേദ്കർ.

-> 1949 നവംബർ 26-ന് കോൺസ്റ്റിറ്റുവന്റ് അസംബ്ലി ഭരണഘടന അംഗീകരിച്ചു. അന്നുതന്നെ കോൺസ്റ്റിറ്റുവന്റ് അസംബ്ലി അധ്യക്ഷൻ ഡോ. രാജേന്ദ്രപ്രസാദ് ഭരണഘടനയിൽ ഒപ്പുവച്ചു.

-> 2019 നവംബർ 24-ന് ഡോ. രാജേന്ദ്രപ്രസാദിനെ ഇന്ത്യയുടെ ആദ്യ പ്രസിഡന്റായി തിരഞ്ഞെടുത്തു.

-> ഇന്ത്യയുടെ തനതു ഭരണഘടന 1950 ജനുവരി 26-ന് നടപ്പിൽ വന്നു.

-> 1950 ജനുവരി 26-ന് ഇന്ത്യ ഒരു പരമാധികാര റിപ്പബ്ലിക്കായി.

## ഇന്ത്യൻ ഭരണഘടന - സവിശേഷതകൾ

-> 448 വകുപ്പുകൾ (Articles)

12 പട്ടികകൾ (Schedules)

25 ഭാഗങ്ങൾ

101 ഭേദഗതികൾ

ഈ ലോകത്തിലെ ഏറ്റവും വലിയത്.

-> ആമുഖം (Preamble) (പീഠിക)

-> ജനങ്ങളുടെ പരമാധികാരം - സ്വതന്ത്ര തിരഞ്ഞെടുപ്പുകൾ പരമാധികാരത്തിന്റെ പ്രത്യക്ഷമായ പ്രകടനമാണ്.

-> പാർലമെന്ററി സംവിധാനം

* രാഷ്ട്രപതിക്ക് അധികാരം കുറവ്

* ബ്രിട്ടീഷ് മാതൃകയിലുള്ള പാർലമെന്ററി സംവിധാനം

-> സോഷ്യലിസ്റ്റ് സംവിധാനം: സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം കുറയ്ക്കുക, ദരിദ്ര ജനതയുടെ ജീവിത നിലവാരം ഉയർത്തുക, സമ്പന്നരുടെ സ്വത്തിന്മേൽ പരിധി ഏർപ്പെടുത്തുക തുടങ്ങിയ നടപടികൾ.

-> മതേതരത്വം: രാഷ്ട്രം ഏതെങ്കിലും ഒരു പ്രത്യേക മതവിഭാഗത്തെ പ്രോത്സാഹിപ്പിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്നില്ല.

-> റിപ്പബ്ലിക്കൻ സംവിധാനം: തിരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി രാഷ്ട്രതലവനായുള്ള സംവിധാനമാണ് റിപ്പബ്ലിക്.

-> ഏക പൗരത്വം

-> ഭാഷ – 22 ഭാഷകൾ

1. അസമിയ 2. ബംഗാളി 3. ബോഡോ 4. ദോഗ്രി 5. ഗുജറാത്തി 6. ഹിന്ദി 7. കന്നഡ 8. കശ്മീര 9. കൊങ്കണി 10. മൈഥിലി 11. മലയാളം 12. മണിപുരി 13. മറാത്തി 14. നേപാളി 15. ഒറിയ 16. പഞ്ചാബി 17. സംസ്കൃതം 18. സന്തലി 19. സിന്ധി 20. തമിഴ് 21. തെലുങ്ക് 22. ഉർദു

ഇന്ത്യയുടെ ഔദ്യോഗിക ഭാഷ – ഹിന്ദി.

1965 വരെ ഇംഗ്ലീഷ് ഔദ്യോഗിക ഭാഷ

സുപ്രീംകോടതി, ഹൈക്കോടതി എന്നിവിടങ്ങളിലെ നടപടിക്രമങ്ങൾക്കുപയോഗിക്കുന്ന ഭാഷ ഇംഗ്ലീഷ്.

-> ഭരണഘടന ഭേദഗതി: പാർലമെന്റിന് മാത്രമാണ് അധികാരം. ലോക്സഭയും രാജ്യസഭയും മൂന്നിൽ രണ്ട് ഭാഗം അംഗങ്ങളുടെ ഭൂരിപക്ഷത്തോടെ പാസാക്കണം.

## മൗലികാവകാശങ്ങൾ

-> സമത്വത്തിനുള്ള അവകാശം

-> സ്വാതന്ത്ര്യത്തിനുള്ള അവകാശം

-> ചൂഷണത്തിനെതിരായുള്ള അവകാശം

-> മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

-> സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ

-> ഭരണഘടനാപരമായ നിവാരണങ്ങൾക്കുള്ള അവകാശം

-> സ്വത്തവകാശം



തയ്യാറാക്കിയത്
റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി – 9447727570